# പതിമൂന്നാം കേരളനിയമസഭ

## പതിനാറാം-സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2870** **22-02-2016- ലെ മറുപടിയ്ക്ക്**

## പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ ഡ്രൈവർമാർ

| ചോദ്യം<br><br>ശ്രീ.പി.തിലോത്തമൻ | | | ഉത്തരം<br><br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ ആകെ എത്ര ഡ്രൈവർമാർ ജോലിചെയ്യുന്നുവെന്ന് അറിയിക്കുമോ: ഇവരിൽ എത്രപേർ സ്ഥിരവും എത്രപേർ താല്ക്കാലികവുമാണെന്നു അറിയിക്കുമോ? | (എ) | സംസ്ഥാന ആസൂത്രണ ബോർഡിൽ ആകെ 12 ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 7 പേർ സ്ഥിരം ജീവനക്കാരും 4 പേർ ദിവസവേതനക്കാരും ഒരാൾ കരാർ ജീവനക്കാരനുമാണ്. |
| (ബി) | പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ ഡ്രൈവർമാർക്ക് മറ്റ് വകുപ്പുകളിലെ ഡ്രൈവർമാർക്ക് നൽകുന്ന പ്രമോഷൻ സാധ്യതകൾ ഇല്ലാത്തതിന്റെ കാരണം അറിയിക്കുമോ; ഫസ്റ്റ് ഗ്രേഡ് ഡ്രൈവേഴ്സിന്റെ എത്ര ശതമാനത്തിനാണ് ക്ലറിക്കൽ തസ്തികയിലേയ്ക്ക് കൺവർട്ട് ചെയ്യുവാൻ അനുവാദമുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി)<br>&<br>(സി) | മറ്റു വകുപ്പുകളിൽ ഉള്ളതുപോലെ ഡ്രൈവർമാർക്ക് റേഷ്യോ പ്രമോഷനും കൂടാതെ 03/01/2014 ലെ ജി.ഒ(പി) നമ്പർ 1/2014/ഉപഭവ ഉത്തരവു പ്രകാരം തസ്തിക മാറ്റം വഴി എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പൊതു സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി തസ്തികമാറ്റം വഴി സ്ഥാനകയറ്റം നൽകുന്നുണ്ട്.<br><br>ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാരെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാർ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ഉള്ളതിനേക്കാൾ ഉയർന്ന ശമ്പള സ്കെയിലിൽ ജോലിചെയ്യുന്നവരായതിനാലാണ് ഇപ്രകാരം അവരെ ഉൾപ്പെടുത്താത്തത്. 03/01/2014 ലെ ഉത്തരവിന്റെ 4-ാം ഖണ്ഡിക പ്രകാരം എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ളവർക്കാണ് തസ്തിക മാറ്റം വഴി സ്ഥാനക്കയറ്റം നൽകേണ്ടത്. ഉയർന്ന ശമ്പള സ്കെയിലിൽ ശമ്പളം വാങ്ങുന്നവരെ താഴ്ന്ന സ്കെയിലിൽ നിയമിക്കുന്നത് സ്ഥാനകയറ്റത്തിനുപകരം സ്ഥാനനഷ്ടത്തിന് ഇടയാക്കുന്നു. അതിനാൽ ഡ്രൈവർ ഗ്രേഡ് 1 നെ സംയോജിത മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ സെക്കന്റ് ഗ്രേഡ് ഡ്രൈവർമാർ ഫസ്റ്റ് ഗ്രേഡ് ആകുമ്പോൾ ക്ലറിക്കൽ തസ്തികയിലേയ്ക്ക് പ്രമോഷൻ ലഭിക്കാത്തവിധം അർഹതാ ലിസ്റ്റിൽ നിന്നും പുറത്താക്കുന്നത് എന്തു കാരണത്താലാണെന്ന് അറിയിക്കുമോ; മറ്റ് വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ മാത്രം ഇത്തരം സാഹചര്യം നിലനിൽക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | ക്ലറിക്കൽ തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതായ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ ഡ്രൈവർമാരുടെ അർഹതാ ലിസ്റ്റിൽ ഒരിക്കൽ ഉൾപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കാനും ലിസ്റ്റിൽ വന്ന എല്ലാവർക്കും ക്ലറിക്കൽ തസ്തികയിലേയ്ക്ക് മാറ്റം ലഭിക്കാനും അവസരം നൽകുമോ; ആരോഗ്യ വകുപ്പിലടക്കം മറ്റ് പല വകുപ്പുകളിലും ഇത്തരത്തിലുള്ള തസ്തികമാറ്റം ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഡ്രൈവർമാർക്കും ലഭിക്കുമ്പോൾ പ്ലാനിംഗിലെ ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാർക്കും ഇപ്രകാരമുള്ള അവസരം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഒരിക്കൽ ലിസ്റ്റിൽ ഉൾപ്പെട്ട ആരും പുറംതള്ളപ്പെടില്ല. ക്ലറിക്കൽ തസ്തികയിലേക്ക് പരിഗണിക്കപ്പെടേണ്ട വരുടെ സംയോജിത മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ഡ്രൈവർമാർ ഉൾപ്പെടെയുള്ളവർക്ക് ഒഴിവു വരുന്നമുറയ്ക്ക് എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തകിയിലേക്ക് നിയമനം നൽകുന്ന രീതിയാണ് നിലനിൽക്കുന്നത്. |

**സെക്ഷൻ ഓഫീസർ**